**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3686** **05-08-2021 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കടയിൽ പ്രവർത്തിച്ചിരുന്ന സഹകരണ കോളേജിന്റെ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന സഹകരണ കോളേജിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ; | (എ) | കാട്ടാക്കട എഡ്യൂക്കേഷണൽ സഹകരണ സംഘം ക്ലിപ്തം. നം. റ്റി. 755 നിലവിൽ പ്രവർത്തനരഹിതമാണ്. |
| (ബി) | ആകെ എത്ര സെന്റ് സ്ഥലമാണ് പ്രസ്തുത കോളേജിന് ഉള്ളതെന്ന് അറിയിക്കുമോ; ഇതിന്റെ ഉടമസ്ഥത ആർക്കാണ് ; പ്രസ്തുത സ്ഥലത്തിന്റെ പേരിൽ ബാധ്യതകളുണ്ടോ; എങ്കിൽ എത്ര രൂപയാണ് ബാധ്യതയെന്ന് അറിയിക്കുമോ; | (ബി) | കാട്ടാക്കട താലൂക്കിൽ കുളത്തുമ്മൽ വില്ലേജിൽ സർവ്വേ നം. 206/6-ൽ ഉൾപ്പെട്ട 7.80 ആർ സ്ഥലമാണ് കാട്ടാക്കട എഡ്യൂക്കേഷണൽ സഹകരണ സംഘത്തിനുള്ളത്. ടി വസ്തുവിന്റെ ഉടമസ്ഥത കാട്ടാക്കട എഡ്യൂക്കേഷണൽ സഹകരണ സംഘത്തിനാണ്. ടി സംഘം തിരുവനന്തപുരം ജില്ലാ സഹകരണബാങ്കിൽ (കേരള ബാങ്ക്) നിന്ന് വായ്പ എടുക്കുകയും, ടി വായ്പ കുടിശ്ശിക ആയതിനെ തുടർന്ന് 90 ലക്ഷം രൂപയ്ക്ക് കേരള ബാങ്ക് ആർബിട്രേഷൻ കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്ഥലത്ത് പാട്ട വ്യവസ്ഥയിൽ ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി സ്ഥലം കൈമാറുന്നതിന് നടപടി സ്വീകരിക്കാമോ? | (സി) | കാട്ടാക്കട എഡ്യൂക്കേഷണൽ സഹ കരണ സംഘം പുനരുജ്ജീവിപ്പിച്ചിട്ട് പ്രവർത്തനക്ഷമമാക്കാൻ നിലവിൽ ശ്രമിച്ചുവരുകയാണ്. |

സെക്ഷൻ ഓഫീസർ